Reg. No. : ....................................

Name : ..........................................

# SY-62

**SECOND YEAR HIGHER SECONDARY EXAMINATION, MARCH 2022**

Part – II

Time : 2 $\frac{1}{2}$ Hours

## മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

(Hearing Impaired)

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**പാർട്ട് – I**

**എ. 1 മുതൽ 6 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 1 സ്കോർ വീതം.** **(4 × 1 = 4)**

1. കടലും കപ്പലും വള്ളങ്ങളും ധാരാളമുള്ള തുറമുഖ നഗരം ഏത് ?

   [കാട്ജീനെ, മാഡ്രിഡ്, ആയോധ്യ, ഹസ്തിനപുരി]

2. "കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ" ഇങ്ങനെ പറഞ്ഞിരിക്കുന്നത് ആരാണ് ?

   [ദുഷ്ഷന്തൻ, ശകുന്തള, ബാഹുകൻ, ദമയന്തി]

3. വേഴാമ്പൽപ്പക്ഷികണക്കെ മഴനീരിനുമാനം നോക്കിയിരുന്നത് ആരാണ് ?

[കാടത്തികൾ, കാട്ടാളൻ, കരിമ്പുലി, പെൺപൈതങ്ങൾ]

4. അച്ഛനമ്മമാരുടെ ചിത്രം കണ്ടെത്താൻ വേണ്ടി അന്വേഷിച്ചലഞ്ഞ വ്യക്തിയാണ്

[കച്ചവടക്കാരൻ, ദിവാകരൻ, കാവാലം, ഹൈദരലി]

5. വൈദർഭി എന്ന പേരിൽ അറിയപ്പെടുന്നത് ആരാണ് ?

[ദമയന്തി, ശീലാവതി, ശകുന്തള, കേശിനി]

6. അഗ്നിവർണ്ണൻ ഏത് രാജ്യത്തെ രാജാവായിരുന്നു ?

[ബദരി, അയോധ്യ, ഹസ്തിനപുരി, മാഡ്രിഡ്]

**ബി. 7 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വിതം.** **(4 × 1 = 4)**

7. സച്ചിൻ തെൻഡുൽക്കർ അന്താരാഷ്ട്രക്രിക്കറ്റിൽ അരങ്ങേറ്റം കുറിച്ചത് ഏത് രാജ്യത്തിനെതിരെ കളിച്ചുക്കൊണ്ടാണ് ?

[ശ്രീലങ്ക, പാകിസ്ഥാൻ, ദക്ഷിണാഫ്രിക്ക, ആസ്ത്രേലിയ]

8. ഗംഗ, യമുന, സരസ്വതി എന്നിവയുടെ സംഗമസ്ഥാനമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്ഥലം ഏത് ?

[ബദരി, യമുനേത്രി, ത്രിവേണി, സപ്തഋഷികുണ്ഡ്]

9. ഫിഫ്ത്ത് എസ്റ്റേറ്റ് എന്ന് വിശേഷിപ്പിക്കുന്നതെന്തിനെ ?

[പത്രം, റേഡിയോ, പുസ്തകങ്ങൾ, സാമൂഹിക മാധ്യമങ്ങൾ]

10. ഏത് പട്ടാളക്കാരന്റെ അനുഭവകഥ ശ്രദ്ധിച്ചപ്പോഴാണ് ലേഖകന്റെ കരളിലും ഹിമപാതമുണ്ടായത് ?

## പാർട്ട് – II

**എ. 11 മുതൽ 15 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

11. ശരിയോ തെറ്റോ എന്നെഴുതുക.

    (a) എല്ലാ ബുധനായ്ചകളിലും ടോട്ടോയുടെയും, ജോവലിന്റെയും മാതാപിതാക്കൾ സിനിമ കാണാൻ പോകാറുണ്ട്.

    (b) നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമാണ് എന്റെ ജന്മം. ഇങ്ങനെ പറഞ്ഞത് ദുഷ്ഷന്തനാണ്.

12. ചുവടെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ ഏത് കഥാപാത്രത്തിന്റേതാണെന്ന് കണ്ടെത്തുക.

| പ്രസ്താവനകൾ | കഥാപാത്രങ്ങൾ |
|---|---|
| (a) അഞ്ചു വയസ്സുവരെ മാത്രമെ എനിക്ക് ബാപ്പയുടെ ലാളന അനുഭവിക്കാൻ കഴിഞ്ഞുള്ളു | കേവല രാമൻ |
| (b) ഞാനാണ് രാജാവ് എന്റെ കാലുകൾ ആണ് കാണുന്നത് | ഹൈദരലി |

13. ചുവടെ കൊടുത്തിരിക്കുന്ന വരികൾ ഏത് കവിതയുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തുക.

    - "കോകിലനാരിപോലെ നീ പരഭൃതയല്ലോ
      പോകവൈകാതെ നിന്നെക്കാൺകയിലിച്ഛയില്ല"
    - പുരികം പാതി വളച്ചും
      നീറായ വനത്തിൻ നടുവിൽ നില്പൂ കാട്ടാളൻ

    (a) ● കിരാതവൃത്തം

    (b) ● കണ്ണാടി കാൺമോളവും

**14, 15 ചോദ്യങ്ങൾക്ക് ഒറ്റവാക്യത്തിൽ ഉത്തരം എഴുതുക.**

14. കൊല്ലുന്നതിനെക്കാളും ശല്യമായിട്ടുള്ളൊരു
    കൊള്ളി വാക്കല്ലാതൊന്നും ചൊല്ലുകയില്ലദേഹം :
    ഇങ്ങനെ വേദനിക്കുന്നത് ആരാണ് ?

15. ഭാഷ, പ്രമേയം, കാഴ്ചപ്പാട് എന്നിവയിലെല്ലാം തനി നാടനായിരുന്ന എഴുത്തുകാരൻ ആരാണ് ?

**ബി. 16 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം.** **(2 × 2 = 4)**

16. താഴെകൊടുത്തിരിക്കുന്നവയിൽ ഉചിതമായവ തെരെഞ്ഞടുത്ത് പട്ടിക പൂർത്തിയാക്കുക.

    [നാരായണഗിരി, ത്രിവേണിസംഗമം, മാണ്ഡുകോപനിഷത്ത് സുര്യകുണ്ഡ്]

| **ബദരി** | **യമുനോത്രി** |
|---|---|
| ● | ● |
| ● | ● |

17. കുട്ടത്തിൽപ്പെടാത്തതേത് :

    (a) എം.എസ്.ധോനി, സച്ചിൻതെൻഡുൽക്കർ, എം.മുകുന്ദൻ, ഗാംഗുലി,

    (b) മനോഗ്രാമം, മാനാപാസ്, അലൂമിനിയം ക്യാമ്പ്, ഗംഗ

18. ചേരും പടിപേർക്കുക :

| **പാഠഭാഗം** | **എഴുത്തുകാരൻ** |
|---|---|
| ● മാധ്യമ വിചാരം | ● വി.കെ.ആദർശ് |
| ● നവമാധ്യമങ്ങൾ ശക്തിയും സാധ്യതയും | ● വി.ആർ. പ്രബോധ ചന്ദ്രൻ |

## പാർട്ട് - III

**എ. 19 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3 × 4 = 12)**

19. കിരാതവൃത്തം എന്ന കവിതയിലെ കാട്ടാളന്റെ നില്പ് കവി എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത് ?

20. ബാഹുകൻ നളൻതന്നെയാണ് എന്നതിന് കേശിനി നിരത്തുന്ന തെളിവുകൾ എന്തെല്ലാം ?

21. പ്രകാശം ജലം പോലെയാകുന്ന രണ്ട് സന്ദർഭങ്ങൾ പാഠഭാഗത്തിൽ നിന്നും കണ്ടെത്തുക.

22. ഏറനാടൻ കൃതികൾ എന്ന വിശേഷണം പുലിക്കോട്ടിൽ ഹൈദറുടെ കൃതികൾക്ക് എത്രമാത്രം യോജിക്കുന്നു എന്ന് വിലയിരുത്തി കുറിപ്പ് തയാറാക്കുക.

23. ഹൈദരലി കലാമണ്ഡലത്തിൽ ആയിരുന്ന കാലഘട്ടത്തിലെ തന്റെ ജീവിതാനുഭവങ്ങൾ കുറിപ്പാക്കുക.

**ബി. 24, 25 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. സ്കോർ 4** **(1 × 4 = 4)**

24. താഴെ കൊടുത്തിരിക്കുന്ന പത്രവാർത്തയ്ക്ക് ഉചിതമായ തലക്കെട്ട് നൽകി മൂന്നിലൊന്നായി സംഗ്രഹിച്ചെഴുതുക.

    പാലക്കാട് – ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ബയോമെഡിക്കൽ മാലിന്യസംസ്ക്കരണ കേന്ദ്രമായ മലമ്പുഴ 'ഇമേജി'ലെ തീപിടിത്തത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്കു കീഴിലെ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ അഗ്നി സുരക്ഷാ നടപടിക്കൾ കർശനമാക്കാൽ സർക്കാർ നിർദ്ദേശിച്ചു, സുരക്ഷാസംവിധാനങ്ങളില്ലാതെ നഗര മധ്യത്തിലും ജനവാസ കേന്ദ്രങ്ങളിലുമാണ് പാഴ് വസ്തു സംഭരണ കേന്ദ്രങ്ങൾ പലതും പ്രവർത്തിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. കെട്ടിടത്തിന് സുരക്ഷാ പരിശോധന ഉറപ്പാക്കിയ ശേഷം മാത്രമേ തദ്ദേശസ്ഥാപനം ലൈസൻസ് നല്കാൻ പാടുള്ളു എന്നും, വൈദ്യുത തകരാർ മൂലമുള്ള തീ പിടിത്തം ഒഴിവാക്കാൻ വൈദ്യുത സംവിധാനം കുറ്റമറ്റതാക്കണമെന്നും, പാഴ്വസ്തുക്കൾ കെട്ടികിടകാതെ എത്രയും പെട്ടെന്ന് നീക്കം ചെയ്യാൻ ഉള്ള സംവിധാനം ഒരുക്കണം എന്നും ഭരണകൂടം അറിയിച്ചു.

25. 'വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ' എന്ന സ്പോർട്സ് ഫീച്ചർ –സച്ചിൻ തെൻഡുൽക്കർ എന്ന പ്രതിഭയെ ചിത്രീകരിച്ചിരിക്കുന്നത് എങ്ങനെ ?

## വാർട്ട് – IV

**എ. 26 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിൽ ഉത്തരമെഴുതുക. 6 സ്കോർ വീതം. (3 × 6 = 18)**

26. ഫോട്ടോ എന്ന വസ്തുവിനോട് ദിവാകരനും, കച്ചവടക്കാരനുമുള്ള മനോഭാവം താരതമ്യം ചെയ്ത് കുറിപ്പാക്കുക ?

27. നഷ്ടപ്പെട്ടുപോയ പ്രകൃതി സൗന്ദര്യത്തെക്കുറിച്ചുള്ള കാട്ടാളന്റെ ഓർമ്മകളെകുറിച്ച് ലഘുകുറിപ്പ് തയാറാക്കുക ?

28. 'അഗ്നി വർണ്ണന്റെ കാലുകൾ' എന്ന നാടകത്തിലെ അടിച്ചു തളിക്കാരി എന്ന കഥാപാത്രം നിർവഹിക്കുന്ന സാമൂഹിക വിമർശന ധർമ്മം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക ?

29. 'കൊള്ളിവാക്കല്ലാതൊന്നും' എന്ന കവിതയിലെ ശീലാവതി സ്ത്രീ ജന്മത്തിന്റെ ദുരിത മുഖങ്ങളാണ് കാട്ടിത്തരുന്നത് - വിശകലനം ചെയ്യുക.

**ബി. 30 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം. (2 × 6 = 12)**

**തന്നിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

30. യമുനോത്രിക്ഷേത്രം ജയ്പൂരിലെ മഹാറാണി ഗുലാരിയയാണ് 19-ാം നൂറ്റാണ്ടിൽ പണിതത്. യമുനാദേവിയാണ് മുഖ്യപ്രതിഷ്ഠ. 1923-ൽ ഉണ്ടായ ഭൂചലനത്തിൽ തകർന്നുപോയ ക്ഷേത്രം പിന്നീട് പുനർനിർമ്മിച്ചു. 1982-ൽ വീണ്ടും ക്ഷേത്രത്തിനുകേടു പാടുകൾ സംഭവിച്ചു. പിൽക്കാലത്ത് പുനരുദ്ധാരണം നടന്നു. യമുനയുടെ ഇടതുകരയിലുള്ള ക്ഷേത്രത്തിലെ യമുനാദേവിയുടെ വിഗ്രഹം കറുത്തമാർബിളിലാണ് നിർമ്മിച്ചിട്ടുള്ളത്. സമുദ്രനിരപ്പിൽ നിന്ന് 4421 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന കാളിന്ദ് പർവതത്തിലെ സപ്തഋഷികുണ്ഡിലുള്ള വിസ്തൃതമായ ഹിമാനയിൽ നിന്നാണ് യമുന ഉത്ഭവിക്കുന്നത്. അവിടേക്കെത്തിപ്പെടാൻ ക്ലേശങ്ങൾ സഹിക്കേണ്ടതുണ്ട്.

    a. യമുനോത്രി ക്ഷേത്രം പണികഴിപ്പിച്ചത് ആരായിരുന്നു ?

    b. ഈ ക്ഷേത്രം എങ്ങനെയാണ് തകർന്നു പോയത് ?

c. ഇതിലെ മുഖ്യപ്രതിഷ്ഠാ വിഗ്രഹം ഏത് ദേവിയാണ് ?

d. ഈ വിഗ്രഹം എന്തിലാണ് നിർമ്മിച്ചിട്ടുള്ളത് ?

e. യമുന ഉത്ഭവിക്കുന്നത് എവിടെ നിന്നാണ് ?

f. കാളിന്ദ് പർവ്വതം സ്ഥിതിചെയ്യുന്നതെവിടെ ?

31. ചില പാഠഭാഗവുമായി ബന്ധപ്പെട്ട ഏതാനും സൂചനകൾ ചുവടെ ചേർക്കുന്നു. ഏത് പാഠഭാഗത്തിലെതാണെന്ന് കണ്ടെത്തി എഴുതുക.

കുബേരശില അലൂമിനിയംക്യാമ്പ് കൊല്ലാങ്കണ്ടത്തിൽദേവസ്യ പെരുന്തൻതേങ്ങ ഉഷ്ണജലപ്രവാഹം ത്രിവേണി സംഗമം.

| യമുനോത്രിയുടെ ഊഷ്മളതയിൽ | ബദരിയും പരിസരങ്ങളും | തേങ്ങ |
|---|---|---|
| ● | ● | ● |
| ● | ● | ● |

32. സാമൂഹിക മാധ്യമങ്ങളുടെ സവിശേഷതകൾ കുറിപ്പാക്കുക ?

## പാർട്ട് – V

**33 മുതൽ 35 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

33. എഴുത്തച്ഛന്റെ സ്ത്രീ സങ്കല്പത്തെക്കുറിച്ച് 'കണ്ണാടികാൺമോളവും' എന്ന കാവ്യഭാഗത്തെ ശകുന്തള എന്ന കഥാപാത്രത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക ?

34. അധികാര കേന്ദ്രങ്ങളിലെ ജീർണ്ണതകളെ തുറന്നുകാട്ടുന്ന നാടകമാണ് 'അഗ്നിവർണ്ണന്റെ കാലുകൾ' പ്രസ്താവന വിലയിരുത്തുക ?

35. ഗൗളീജന്മം എന്ന കഥയിലെ സ്ത്രീ സ്വാതന്ത്ര്യത്തെക്കുറിച്ച് ഗ്രേസി ഉയർത്തുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം ? കഥയുടെ സവിശേഷതകൾ ഉൾപ്പെടുത്തി ആസ്വാദനം തയാറാക്കുക.